3rd ANNIVERSARY

മഴവില്ല്

Monthly Newsletter of Kerala State Co-operative Bank

കേരള ബാങ്ക് ബുള്ളറ്റിൻ

Volume 03 Issue 01

2023 January

ലോക സഹകരണ ഭൂപടത്തിൽ ധനകാര്യ സേവന മേഖലയിൽ

കേരള ബാങ്ക് ഏഷ്യയിൽ ഒന്നാമത്

ലോകത്ത് ഏഴാമത്

KERALA BANK

Kerala State Co-operative Bank

NUMBER ONE

കേരള ബാങ്ക് - ബാങ്കിംഗ് രംഗത്തെ ജനകീയ മുഖം. സഹകരണ പ്രസ്ഥാനത്തിന്റെ കരുത്ത്.

105 വർഷത്തെ ചരിത്രമുള്ള കേരള സംസ്ഥാന സഹകരണ ബാങ്ക് കേരള ബാങ്കായി മാറിയിട്ട് മൂന്നു വർഷം പിന്നിട്ടിരിക്കുന്നു. 2019 നവംബർ 29ന് രൂപീകൃതമായ കേരള ബാങ്ക് ഇന്ന് ഏഷ്യയിലെ ഒന്നാമത്തെ ബാങ്ക് എന്ന നിലയിലേക്ക് വളർന്നു കഴിഞ്ഞു. അന്തർദേശീയ സഹകരണസഖ്യവും (ICA) യൂറോപ്യൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് പ്രസിദ്ധപ്പെടുത്തിയ വേൾഡ് കോ-ഓപ്പറേറ്റീവ് മോണിറ്റർ പ്രകാരം സഹകരണ ധനകാര്യ സേവനമേഖലയിൽ കേരള ബാങ്കിനെ ഏഷ്യയിലെ ഒന്നാമത്തെ ബാങ്കായി തിരഞ്ഞെടുത്തു. ലോകത്തെ ഏറ്റവും വലിയ സഹകരണ ബാങ്കുകളുടെ പട്ടികയിൽ ഏഴാം സ്ഥാനവും കേരള ബാങ്ക് നേടി.

ലോക സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ കേരളത്തിന് ഇടം പിടിക്കാൻ കേരള ബാങ്കിന്റെ ഈ നേട്ടത്തിലൂടെ അവസരം ലഭിച്ചിരിക്കുകയാണ്. അയ്യായിരത്തിലധികം ജീവനക്കാരുടെയും ഭരണസമിതിയുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ 110857.15 കോടി രൂപയുടെ ബിസിനസ്സാണ് 2021-22 സാമ്പത്തിക വർഷം ബാങ്കിന് നേടാൻ കഴിഞ്ഞത്.

കേരള ബാങ്കിനെ ഒന്നാമതായെത്തിക്കുക എന്ന ലക്ഷ്യത്തിലേക്ക് കൂടുതൽ അടുപ്പിച്ചത് 'Be the Number 1'ക്യാമ്പയിനും 'Mission 100 Days'പദ്ധതി പ്രവർത്തനങ്ങളുമാണ്. ഏഷ്യയിലെ ആദ്യ ഐ.ടി. ഇന്റഗ്രേറ്റഡ് സഹകരണ ബാങ്ക് എന്ന ചരിത്ര നേട്ടവും താമസിയാതെ കേരള ബാങ്കിന് സ്വന്തമാക്കാനാവും.

IT Integration പൂർത്തിയാകുന്നതോടെ പ്രാഥമിക സഹകരണ ബാങ്കുകളുടെ ശാഖകളെയും കേരള ബാങ്കിന്റെ ശാഖകളെയും പരസ്പരം ഇന്റർഫേസ് വഴി ബന്ധിപ്പിക്കുകയും അതുവഴി ഒരു ബൃഹത്തായ നെറ്റ്‌വർക്ക് രൂപപ്പെടുത്തുകയും ചെയ്യുന്നതിനുള്ള തീവ്രശ്രമത്തിലാണ് കേരള ബാങ്ക്.

ആധുനികവൽക്കരണത്തോടൊപ്പം സമൂഹത്തിന്റെ അടിത്തറയായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലൂടെ ഗ്രാമഗ്രാമാന്തരങ്ങളിലൂടെയുള്ള സാധാരണക്കാരായ കർഷകർക്കും തൊഴിലാളികൾക്കും മെച്ചപ്പെട്ട തൊഴിലും ജീവിതവും ഉറപ്പാക്കാനുള്ള പരിശ്രമമാണ് സഹകരണ മേഖലയുടെ അഭിമാനമായ കേരള ബാങ്ക് നടപ്പാക്കുന്നത്.

ബിസിനസിനു പുറമെ സാധാരണക്കാരന് സഹായവും സാന്ത്വനവും ആവുക എന്ന കർത്തവ്യ ബോധമാണ് ബാങ്കിന്റെ പ്രത്യേകിച്ച് ജീവനക്കാരുടെ പ്രവർത്തനങ്ങളിലൂടെ വെളിപ്പെടുന്നത്. രോഗികളും നിരാലംബരും തിരിച്ചടവുശേഷിയില്ലാത്തവരുമായ 45ൽ അധികം വായ്പാ ഇടപാടുകാരുടെ വായ്പാ കുടിശ്ശിക ജീവനക്കാർ മുൻകൈയെടുത്ത് വായ്പ അടച്ച് തീർത്ത് പ്രമാണം തിരികെ നൽകിയത് ഇതിനു തെളിവാണ്.

ഭീമമായ ചെലവ് വരുന്ന മാരകരോഗങ്ങളുടെ ചികിത്സയ്ക്ക് സർക്കാർ ധനസഹായം നൽകുന്ന സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ 'വി.കെയർ' പദ്ധതിയിലും എറണാകുളം കോർപ്പറേഷനുമായി സഹകരിച്ച് സൗജന്യമായി ഉച്ചയൂണ് നൽകുന്ന 'നിറവ്' പദ്ധതിയിലും കേരള ബാങ്ക് സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

സാധാരണക്കാരനും ചെറുകിട സംരംഭകർക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം 1470.92 കോടി രൂപയാണ് വിതരണം ചെയ്തത്. കാർഷിക അനുബന്ധ മേഖലയിലെ തൊഴിൽ സംരംഭങ്ങൾ കൂടി ചേർത്താൽ 5199.54 കോടി രൂപയുടെ ധനസഹായമാണ് കേരള ബാങ്ക് വഴി അനുവദിച്ചത്.

പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പ അനുവദിക്കുന്നതിനുള്ള നബാർഡ് ബോറോയിംഗ് മൂന്നുവർഷംകൊണ്ട് 2842കോടിയിൽ നിന്ന് 8982 കോടി രൂപയായി വർദ്ധിച്ചു. ഈ വർദ്ധനവ് സാധ്യമായത് കേരള ബാങ്ക് രൂപീകൃതമായതുകൊണ്ടു മാത്രമാണ്. ഇത്തരത്തിൽ മറ്റ് വാണിജ്യ ബാങ്കുകളിൽ നിന്ന് വ്യത്യസ്തമായി ജനകീയ അടിത്തറയിൽ ഉയർന്നുവന്ന കേരള ബാങ്ക് സാധാരണക്കാരന് എന്നും ഒരു കൈത്താങ്ങായി കൂടെയുണ്ട്.

ഗോപി കോട്ടമുറിക്കൽ
പ്രസിഡന്റ്, കേരളബാങ്ക്

നാടിന്റെ വളർച്ചയ്ക്ക് മുൻതൂക്കം

സന്തുഷ്ടകേരളമെന്ന ലക്ഷ്യം നേടരുതെന്ന് ആഗ്രഹിക്കുന്നവരാണ് നാടിന്റെ വളർച്ചയ്ക്ക് തടസ്സം നിൽക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എല്ലാവിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്ന സന്തുഷ്ടകേരളം യാഥാർത്ഥ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. നാടിന് ഗുണകരമാവുന്ന കാര്യങ്ങളെ എതിർക്കുന്ന സമീപനം ശരിയല്ല. വിഴിഞ്ഞം പദ്ധതി ഉൾപ്പെടെയുള്ള അനേകം വികസന പദ്ധതികൾ പുരോഗമിക്കുന്നു. തുറമുഖ നിർമാണത്തിന്റെ ഭാഗമായി റിങ് റോഡ് പ്രവൃത്തി തുടങ്ങിക്കഴിഞ്ഞു.. റോഡ് വന്നാൽ ഇരുവശവും സംരംഭങ്ങൾ വരുമെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഭരണത്തിലേക്ക് വന്നാൽ സർക്കാർ ജനങ്ങളുടേതാണ്. ജനങ്ങൾക്ക് ദോഷം വരുന്ന ഒരു കാര്യവും ചെയ്യുന്നില്ലെന്ന് സർക്കാരിന്റെ വക്താവെന്ന നിലയിൽ ഞാൻ പറഞ്ഞാൽ ആത്മനിഷ്ഠമാണെന്ന് ചിലപ്പോൾ തോന്നിയേക്കാം. എന്നാൽ എതിർക്കുന്നവർക്ക് വസ്തുനിഷ്ഠമായി കാര്യങ്ങൾ അവതരിപ്പിക്കാനാവുന്നില്ലെന്നതാണ് സത്യം. സർക്കാർ നിഷ്പക്ഷമായി കാര്യങ്ങൾ നീക്കുന്നതിന്റെ ഗുണഫലം കേരള ജനതക്ക് അനുഭവിക്കാനാകുന്നുണ്ട്.

കോവിഡ് പോലുള്ള പ്രതിസന്ധികൾക്ക് മുന്നിൽ ലോകരാഷ്ട്രങ്ങൾ പോലും പകച്ചുനിന്നപ്പോൾ കേരളം അതിജീവിച്ചത് ഇവിടുത്തെ സാമൂഹിക സുരക്ഷാ സംവിധാനത്തിന്റെ കരുത്തുകൊണ്ടാണ്. ആരോഗ്യമേഖല മെച്ചപ്പെടുത്തുന്നതിലും പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിലും പാർപ്പിടസൗകര്യമൊരുക്കുന്നതിലുമെല്ലാം സർക്കാരിന്റെ മിഷനുകൾ നടത്തിയ പ്രവർത്തനത്തിന്റെ നല്ല മാറ്റങ്ങൾ നമുക്ക് കാണാം. എല്ലാ വിഭാഗങ്ങൾക്കും മികച്ച നിലവാരമുള്ള ജീവിതമുണ്ടാക്കാനുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടു പോവുകയാണ്. അത്തരം ശ്രമങ്ങൾ ലക്ഷ്യത്തിലെത്താൻ സാമൂഹിക ഐക്യം അതിപ്രധാനമാണ്.

സഹകരണ വകുപ്പിന്റെ ആധുനീകരണം

സഹകരണവകുപ്പിന്റെ ആധുനീകരണവുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും അവയുടെ തുടർപ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും സഹകരണ മന്ത്രി വി.എൻ. വാസവൻ നിയമസഭയെ അറിയിച്ചു. ആധുനീകരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതിപ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ-ബൈലോ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ, ഓഡിറ്റ് മൊഡ്യൂൾ എന്നീ മൂന്നു സേവനങ്ങൾ ഓൺലൈൻ വഴി നടപ്പാക്കിയിട്ടുണ്ടെന്നു മന്ത്രി വാസവൻ അറിയിച്ചു. സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലോ ഭേദഗതി എന്നിവക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്കും സംഘങ്ങൾക്കും നേരിട്ട് ഓൺലൈനായി സമർപ്പിക്കാനും ഇതിനുള്ള ഫീസ് ട്രഷറി ഓൺലൈൻ പേമെന്റ് ഗേറ്റ്‌വേ വഴി അടയ്ക്കാനും സൗകര്യമുണ്ട്. ഇതു രജിസ്റ്റർ ചെയ്തു നൽകുന്നതും ICDMS ലൂടെയാണ് – മന്ത്രി അറിയിച്ചു. സഹകരണസംഘങ്ങളുടെ തിരഞ്ഞെടുപ്പു നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമമവുമാക്കാൻ ICDMS പ്രൊജക്ടിന്റെ ഭാഗമായി സഹകരണസംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് ആന്റ് ഇൻഫർമേഷൻ സിസ്റ്റം (CAMIS) തയാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാർമാരുടെയും മറ്റു ഫങ്ഷണൽ രജിസ്ട്രാർമാരുടെയും നിയന്ത്രണത്തിലുള്ള മുഴുവൻ സഹകരണസംഘങ്ങളുടെയും അടിസ്ഥാനവിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിൽ കിട്ടും - മന്ത്രി വാസവൻ അറിയിച്ചു. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷികവായ്പാ സഹകരണസംഘങ്ങളെയും ഉൾപ്പെടുത്തി ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കാനും കേരള സഹകരണസംഘം നിയമം സമഗ്രമായി പരിഷ്കരിക്കാനും ടീം ഓഡിറ്റ് നടപ്പാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. തൃശ്ശൂർ ജില്ലയിൽ ടീം ഓഡിറ്റ് സംവിധാനമാരംഭിക്കാൻ സർക്കാർ ഉത്തരവിട്ടിട്ടുണ്ട്- മന്ത്രി പറഞ്ഞു. കേന്ദ്ര സഹകരണവകുപ്പ് പ്രാഥമിക കാർഷികവായ്പാ സഹകരണസംഘങ്ങൾക്കായി പുറത്തിറക്കിയ മാതൃകാ നിയമാവലിയിൽ സംസ്ഥാനസർക്കാർ അഭിപ്രായങ്ങളും നിർദേശങ്ങളും നൽകിയിട്ടുണ്ടെന്നു മന്ത്രി അറിയിച്ചു.

ശ്രീ.ബി.പി. പിള്ള

കേരള സഹകരണസംഘം നിയമം 1969 ഭേദഗതി നിർദ്ദേശങ്ങൾ

1956 നവംബർ മാസം കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടപ്പോൾ കേരളത്തിന്റെ ഭാഗമായ തിരു-കൊച്ചി സംസ്ഥാനത്ത് 1951 ലെ തിരു-കൊച്ചി സഹകരണ സംഘം നിയമം അനുസരിച്ചും മലബാർ പ്രദേശത്ത് 1932 ലെ മദ്രാസ് സഹകരണ സംഘം നിയമമനുസരിച്ചുമായിരുന്നു സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നത്. 1949 ൽ തിരുവിതാംകൂർ സംസ്ഥാനവും കൊച്ചി സംസ്ഥാനവും കൂടി ലയിച്ച് തിരു-കൊച്ചി സംസ്ഥാനം രൂപീകരിക്കപ്പെട്ടപ്പോൾ തിരുവിതാംകൂർ പ്രദേശത്തെ സഹകരണ സംഘങ്ങൾ 1914 ലെ ട്രാവൻകൂർ സഹകരണ സംഘം റഗുലേഷന്റെ കീഴിലും കൊച്ചി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ 1913 ലെ കൊച്ചിൻ സഹകരണ സംഘം നിയമത്തിൻ കീഴിലുമായിരുന്നു പ്രവർത്തിച്ചിരുന്നത്. കേരളപ്പിറവിക്ക് ശേഷം 13-ാം വർഷമാണ് ഐക്യ കേരളത്തിന് ഒരു സഹകരണ നിയമം ഉണ്ടാകുന്നത്. 1969 മെയ് മാസം 15-ാം തീയതി പ്രാബല്യത്തിൽ വന്ന കേരള സഹകരണ സംഘം നിയമത്തിൽ നാളിതുവരെ 24 പ്രാവശ്യമാണ് ഭേദഗതികൾ വരുത്തിയത്.

ബ്രിട്ടീഷ് ഇന്ത്യയിൽപ്പെട്ട മദിരാശി പ്രവിശ്യയുടെ ഭാഗവും കേരള സംസ്ഥാനത്തിൽ ലയിക്കപ്പെട്ടതുമായ മലബാറിൽ 1909 മുതൽ പ്രാഥമിക സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തിയിരുന്നു. പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ 1909 ൽ രജിസ്റ്റർ ചെയ്ത സഹകരണ സംഘമാണ് കേരളത്തിലെ ആദ്യ സഹകരണ സംഘം. ഈ സഹകരണ സംഘം 1904 ലെ സഹകരണ വായ്പ സംഘ നിയമം അനുസരിച്ചായിരുന്നു രജിസ്റ്റർ ചെയ്തിരുന്നത്. 1913 ലെ കൊച്ചിൻ സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത ആദ്യ സഹകരണ സംഘം എടവനക്കാട് സഹകരണ സംഘവും 1914 ലെ ട്രാവൻകൂർ സഹകരണ സംഘം റെഗുലേഷൻ കീഴിൽ രജിസ്റ്റർ ചെയ്ത ആദ്യ സംഘം ട്രിവാൻഡ്രം സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കുമായിരുന്നു. 1915 ൽ രജിസ്റ്റർ ചെയ്ത് 1916 ജനുവരി മാസം 16 മുതൽ പ്രവർത്തനം ആരംഭിച്ച ട്രിവാൻഡ്രം സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കാണ് കാലഘട്ടത്തിന്റെ നിരവധി പരീക്ഷണങ്ങൾ അതിജീവിച്ച് 7 മേഖല ഓഫീസുകളും ഒരു കോർപ്പറേറ്റ് ബിസിനസ് ഓഫീസും 13 ക്രെഡിറ്റ് പ്രോസസ്സിംഗ് സെന്ററുകളും 769 ശാഖകളും ഉള്ള ലോകമെമ്പാടുമുള്ള 3.5 കോടി മലയാളികളെ ഡിജിറ്റൽ ബാങ്കിംഗ് പ്ലാറ്റ്ഫോമിലൂടെ ബന്ധിപ്പിക്കുവാൻ കഴിയുന്ന ഒരു ലക്ഷത്തി പതിനായിരം കോടി രൂപയ്ക്ക് മേൽ ബിസിനസ്സുള്ള ഏഷ്യയിലെ ഏറ്റവും വലിയ സഹകരണ ബാങ്കായി വളർന്ന കേരള ബാങ്ക്.

1969 ൽ പ്രാബല്യത്തിൽ വന്ന കേരള സഹകരണ സംഘം നിമയത്തിൽ 1971 മുതൽ 2022 വരെ 24 പ്രാവശ്യം ഭേദഗതികൾ വരുത്തുകയുണ്ടായെന്ന് സൂചിപ്പിച്ചുവല്ലോ. 2000 ജനുവരി 1 ന് പ്രാബല്യത്തിൽ വന്ന ഭേദഗതിയിൽ 27 വകുപ്പുകളിലും 2010

ഏപ്രിൽ 28 ന് പ്രാബല്യത്തിൽ വന്ന ഭേദഗതിയിൽ നിയമത്തിലെ 33 വകുപ്പുകളിലും 97-ാം ഭരണഘടന ഭേദഗതിയുടെ പശ്ചാത്തലത്തിൽ 2013 ഫെബ്രുവരി 15ന് പ്രാബല്യത്തിൽ വന്ന ഭേദഗതിയിൽ 35 വകുപ്പുകളിലുമാണ് ഭേദഗതികൾ ഉണ്ടായത്. 2022 ഡിസംബറിൽ കേരള നിയമസഭയിൽ അവതരിപ്പിച്ച സഹകരണ നിയമ ഭേദഗതി ബില്ലിൽ 57 വ്യവസ്ഥകളിലാണ് ഭേദഗതികൾ നിർദേശിച്ചിട്ടുള്ളത്.

കേരള സഹകരണ സംഘം നിയമത്തിൽ കാലഘട്ടത്തിൽ അനുസൃതമായി വരുത്തേണ്ട ഭേദഗതികൾ നിർദ്ദേശിക്കുന്നതിനായി സഹകരണ മേഖലയിലുണ്ടായ മാറ്റങ്ങൾക്കനുസൃതമായി ഭാവി വികസനത്തിനുതകുന്ന വിധം ഭേദഗതികൾ നിർദ്ദേശിക്കുക എന്നതായിരുന്നു നിയമപരിഷ്കരണ കമ്മിറ്റിയിൽ അർപ്പിതമായ ഉത്തരവാദിത്തം. 2019 ജൂലൈ മാസം രൂപീകരിക്കപ്പെട്ട സമിതി 2020 ഒക്ടോബർ മാസമാണ് ഭേദഗതി നിർദേശങ്ങൾ സമിതിയുടെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ സഹകരണ നിയമ ഭേദഗതി ബിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നിയമസഭയിൽ അവതരിപ്പിക്കുവാൻ കഴിഞ്ഞില്ല. തുടർന്ന് ശ്രീ. വി.എൻ.വാസവൻ സാർ സഹകരണ വകുപ്പ് മന്ത്രിയായി ചുമതല ഏറ്റെടുത്തശേഷം ആദ്യ സമിതിയുടെ ഭേദഗതി നിർദ്ദേശങ്ങൾ വിലയിരുത്തി ആവശ്യമായ മാറ്റങ്ങളോടുകൂടി പുനർ നിർദ്ദേശം നൽകുവാൻ മറ്റൊരു സമിതിയെ നിയമിക്കുകയുണ്ടായി. പ്രസ്തുത സമിതി നൽകിയ ഭേദഗതി നിർദ്ദേശങ്ങൾ അഡ്വക്കേറ്റ് ജനറലും സഹകരണ വകുപ്പ് സെക്രട്ടറിയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും സഹകരണ സംഘം രജിസ്ട്രാറും ആഡിറ്റ് ഡയറക്ടറും അഡിഷണൽ സെക്രട്ടറിയും ഉൾപ്പെടുന്ന വിദഗ്ധ സമിതി പരിശോധിച്ച് ആവശ്യമായ ഭേദഗതികളോടു കൂടിയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. നിയമസഭയിൽ അവതരിപ്പിച്ച സഹകരണ നിയമ ഭേദഗതി ബില്ലിലെ ചില പ്രധാന വ്യവസ്ഥകളുടെ വിലയിരുത്തലാണ് ഈ സേവനത്തിലൂടെ ഉദ്ദേശിക്കുന്നത്.

സഹകരണ നിയമത്തിലെ 2-ാം വകുപ്പിലെ Clause (OAA) യിലാണ് പ്രാഥമിക കാർഷിക വായ്പാ സംഘത്തിന് നിർവചനം നൽകിയിട്ടുള്ളത്. ഒരു വില്ലേജോ പഞ്ചായത്തോ അല്ലെങ്കിൽ മുൻസിപ്പാലിറ്റിയിയോ പ്രവർത്തന മേഖല ആയിട്ടുള്ളതും കാർഷിക വായ്പ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുകയെന്നത് മുഖ്യപ്രവർത്തനം ലക്ഷ്യമായിട്ടുള്ളതും സഹകരണ സംഘം രജിസ്റ്റർ നിശ്ചയിക്കുന്ന പലിശ നിരക്കിൽ കാർഷിക വായ്പകൾ നൽകേണ്ടതുമായ ഒരു സർവീസ് സഹകരണ സംഘമോ സർവീസ് സഹകരണ ബാങ്കോ ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കോ ഒരു റൂറൽ ബാങ്കോ ആണ് ഒരു പ്രാഥമിക കാർഷിക വായ്പാ സംഘം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. 2010 ൽ മേൽ സൂചിപ്പിച്ച നിർവചനത്തിൽ കൂട്ടിച്ചേർത്ത പ്രൊവിസോയിൽ മുകളിൽ സൂചിപ്പിച്ച മുഖ്യലക്ഷ്യം നിറവേറ്റപ്പെടാത്ത സാഹചര്യത്തിൽ ഈ നിയമത്തിലോ ചട്ടങ്ങളിലോ സംഘ നിയമാവലിയിലോ വ്യക്തമാക്കിയിട്ടുള്ളവിധം ഒരു പ്രാഥമിക കാർഷിക വായ്പാ സംഘത്തിന്റെ എല്ലാ സ്വഭാവങ്ങളും നഷ്ടപ്പെട്ടതായി കണക്കാക്കുമെന്നും വ്യവസ്ഥ ചെയ്തു. ഈ പ്രൊവിസോയുടെ പശ്ചാത്തലത്തിലാണ് പ്രാഥമിക കാർഷിക സംഘങ്ങൾ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുമ്പോൾ സംഘം ഒരു പ്രാഥമിക കാർഷിക വായ്പാ സംഘമാണെന്ന് ഓഡിറ്റ് ചെയ്ത ബാക്കി പത്രത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഒരു സർട്ടിഫിക്കറ്റ് കൂടി നൽകണമെന്ന കേരള ഹൈക്കോടതിയുടെ ശ്രദ്ധേയമായ ഒരു വിധിയുണ്ടായത്. നിലവിലുള്ള മേൽ വിവരിച്ച നിർവചനം ഭേദഗതി ചെയ്യുന്നതിനും കൂട്ടിച്ചേർത്ത പ്രൊവിസോ നീക്കം ചെയ്യുന്നതിനും ബില്ലിൽ വ്യവസ്ഥയുണ്ട്. നിർദ്ദിഷ്ട ഭേദഗതി ചുവടെ കൊടുത്തിട്ടുള്ള വിധമാണ്. ഒരു വില്ലേജോ പഞ്ചായത്തോ അല്ലെങ്കിൽ മുൻസി

പ്പാലിറ്റിയോ പ്രവർത്തന മേഖല ആയിട്ടുള്ളതും രജിസ്ട്രാർ നിശ്ചയിക്കുന്ന പലിശനിരക്കിൽ അംഗങ്ങൾക്ക് കാർഷിക വായ്പകളോ അല്ലെങ്കിൽ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം ഉൾപ്പെടെയുള്ള കാർഷിക അനുബന്ധ വായ്പകൾ നൽകുക എന്നത് മുഖ്യ ലക്ഷ്യമോ അല്ലെങ്കിൽ പ്രധാന ബിസിനസ്സോ ആയിട്ടുള്ള ഒരു സർവീസ് സഹകരണ സംഘമോ, സർവ്വീസ് സഹകരണ ബാങ്കോ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കോ അല്ലെങ്കിൽ ഒരു റൂറൽ ബാങ്കോ ആണ് പ്രാഥമിക കാർഷിക വായ്പ സംഘം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

സംഘങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട 7-ാം വകുപ്പിൽ ഒരു പുതിയ വായ്പാ സംഘം രജിസ്റ്റർ ചെയ്യുവാൻ ഓഹരി മൂലധനമായി ഏറ്റവും ചുരുങ്ങിയത് രണ്ടര ലക്ഷം രൂപ സമാഹരിച്ചെന്നും വായ്പേതര സംഘങ്ങൾ ഒരു ലക്ഷം രൂപ സമാഹരിച്ചെന്നും ബോധ്യപ്പെടുത്തേണ്ടതാണ്. ഈ ഓഹരി മൂലധന യോഗ്യതയിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, ഫിഷറീസ് സംഘങ്ങൾ, വനിതാ സംഘങ്ങൾ, പാരമ്പര്യ വ്യവസായ സഹകരണ സംഘങ്ങൾ എന്നിവയെ ഒഴിവാക്കിയിട്ടുണ്ട്. പുതിയ സഹകരണ സംഘം രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷയിൽ 90 ദിവസങ്ങൾക്കകം യുക്തമായ തീരുമാനം രജിസ്ട്രാർ എടുക്കണമെന്ന നിയന്ത്രണ വ്യവസ്ഥ 60 ദിവസത്തിനകം എന്നാക്കി ഭേദഗതി ചെയ്യുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

വകുപ്പ് 13A നിയമാവലിയിലെ ഉള്ളടക്കം സംബന്ധിച്ചതാണ് നിലവിലെ നിയമവ്യവസ്ഥയ്ക്ക് ശേഷം രണ്ട് പ്രൊവിസോകൾ കൂട്ടിച്ചേർക്കുവാൻ നിർദ്ദേശിക്കുന്നു. ഒന്നാമതായി കേരള സഹകരണ സംഘം നിയമത്തിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ വരുത്തുന്ന ഭേദഗതിക്കനുസൃതമായി സംഘങ്ങൾ അവയുടെ നിയമാവലികൾ ഭേദഗതി വരുത്തിയിട്ടില്ലെന്ന് രജിസ്ട്രാർക്ക് ബോധ്യപ്പെട്ടാൽ നിർണയിക്കപ്പെടാവുന്ന ഒരു കാലയളവിനുള്ളിൽ അതിന്റെ നിയമാവലി ഭേദഗതി വരുത്തുവാൻ സംഘങ്ങളോട് അദ്ദേഹം നിർദ്ദേശിക്കേണ്ടതാണ്.

എന്നു മാത്രമല്ല സംഘത്തിന്റെ സാമ്പത്തിക സ്ഥിതി അപകടത്തിലാണെന്ന് അദ്ദേഹത്തിന് ബോധ്യപ്പെട്ടാൽ നിർണയിക്കപ്പെടുന്ന ഒരു സമയപരിധിക്കുള്ളിൽ നിയമാവലി ഭേദഗതി ചെയ്യാൻ അദ്ദേഹം സംഘത്തിന് നിർദ്ദേശം നൽകേണ്ടതാണ്. നിർദ്ദേശം നടപ്പിലാക്കാൻ സംഘം തയ്യാറാകാത്തപക്ഷം പൊതു താൽപര്യം പരിഗണിച്ച് സംഘത്തിന്റെ നിയമവലി നിർബന്ധിത ഭേദഗതി വരുത്തുവാൻ രജിസ്ട്രാർക്ക് അധികാരം ഉണ്ടായിരിക്കും.

സംഘങ്ങളുടെ സംയോജനം വ്യവസ്ഥ ചെയ്തിട്ടുള്ള 74-ാം വകുപ്പിൽ ഒരു സംഘത്തിന് പൊതുയോഗത്തിൽ ഹാജരായി വോട്ട് ചെയ്ത് അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭാഗം ഭൂരിപക്ഷ തീരുമാനപ്രകാരം ആസ്തി ബാധ്യതകളുടെ കൈമാറ്റവും വിഭജനവും നടത്താവുന്നതാണ്. നിലവിലെ വ്യവസ്ഥയായ മൂന്നിൽ രണ്ട് ഭാഗം ഭൂരിപക്ഷം എന്നത് കേവല ഭൂരിപക്ഷമായി ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നു.

അടയ്ക്കേണ്ട തുക അടയ്ക്കുന്നതു വരെ അംഗത്തിന് അംഗത്വ അവകാശം വിനിയോഗിക്കാവുന്നതല്ല എന്ന 19-ാം വകുപ്പിൽ ഒരു നിബന്ധന കൂട്ടിച്ചേർക്കാൻ ഭേദഗതി നിയമത്തിൽ നിർദ്ദേശിക്കുന്നു. ഒരു സംഘത്തിന്റെ പൊതുയോഗം ഓഹരി മൂലധനം വർദ്ധിപ്പിച്ച തീയതി മുതൽ അഞ്ചു വർഷത്തേക്ക് തുടരും. എന്നാൽ ഓഹരിയുടെ വർധിപ്പിച്ച മൂല്യം അടയ്ക്കുമ്പോൾ മാത്രമേ അംഗത്വ അവകാശം വിനിയോഗിക്കുവാൻ അനുവദിക്കുകയുള്ളൂ.

വകുപ്പ് 19B ൽ അംഗത്തിന് വിവരം ലഭിക്കുവാനുള്ള അവകാശമായി സംഘത്തിന്റെ

രജിസ്റ്റർ ചെയ്ത മേൽവിലാസത്തിൽ ഫീസുകൾ നൽകാതെ സാധാരണ സമയങ്ങളിൽ പരിശോധനയ്ക്കായി സൂക്ഷിക്കേണ്ട ആറു കാര്യങ്ങളോടൊപ്പം സൊസൈറ്റിയുടെ ഡയറക്ടർ ബോർഡും പൊതുയോഗവും അംഗീകരിച്ച തിരുത്തൽ റിപ്പോർട്ടിനൊപ്പം ഏറ്റവും പുതിയ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ പിഴവുകളുടെ സംഗ്രഹം കൂടി ഉൾപ്പെടുത്താൻ നിർദ്ദേശിക്കുന്നു.

സഹകരണ സംഘങ്ങളിലെ കമ്മിറ്റിയുടെ നിയമനം പ്രതിപാദിക്കുന്ന 28-ാം വകുപ്പിൽ നിരവധി ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. പ്രാഥമിക വായ്പാ സംഘങ്ങളുടെയും അർബൻ സഹകരണ ബാങ്കുകളുടെയും ഉപനിബന്ധനയിൽ എന്തുതന്നെ വ്യവസ്ഥ ചെയ്തിരുന്നാലും അപ്രകാരമുള്ള സംഘങ്ങളിലെ അംഗങ്ങളിൽ നിന്നും 10,000 രൂപയും അതിനുമുകളിൽ നിക്ഷേപമുള്ള അംഗങ്ങളിൽ നിന്നും ഒരു സീറ്റ് കമ്മിറ്റിയിൽ സംവരണം ചെയ്യണമെന്ന് Clause 1C യിൽ വ്യവസ്ഥയുണ്ട്. പ്രസ്തുത 10,000 രൂപ എന്നത് 25,000 രൂപയും അതിനു മുകളിലും എന്നാക്കി കൊണ്ടുള്ള ഭേദഗതി ബില്ലിൽ ഉണ്ട്.

Clause 10 ൽ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പ്രവർത്തന മേഖല ഒരു താലൂക്കായി നിജപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ ഒന്നിൽ കൂടുതൽ താലൂക്ക് പ്രവർത്തന മേഖലയുള്ള ബാങ്കുകളുടെ വിഭജനം നടത്തുന്നതിനായി നിയമിക്കപ്പെട്ടുന്ന സ്പെഷ്യൽ ഓഫീസർ കേരള സഹകരണസംഘ ഭേദഗതി ഓർഡിനൻസ് 2012 പ്രാബല്യത്തിൽ വന്ന ദിവസം മുതൽ ഒരു വർഷത്തിനകം വിഭജനം പൂർത്തിയാക്കണമെന്ന Clause 1 ലെ 111-ാമത്തെ Sub Clause ഒഴിവാക്കി പകരം അത്തരം വിഭജനം ഒരു വർഷത്തിനകം പൂർത്തിയാക്കേണ്ടതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്താൻ നിർദ്ദേശിക്കുന്നു.

Clause 1G യിൽ സംഘം ഭരണസമിതിയിലേക്ക് വിദഗ്ധരെ കോ-ഓപ്പറേറ്റ് ചെയ്യാനുള്ള വ്യവസ്ഥയിൽ ബാങ്കിംഗ്, മാനേജ്മെന്റ്, ഫിനാൻസ് മേഖലകളിൽ പരിചയമുള്ളതോ എന്നീ വാക്കുകൾക്ക് പകരം ഒരു വാണിജ്യ ബാങ്കിലോ കേരള ബാങ്കിലോ, ഒരു അർബൻ സഹകരണ ബാങ്കിലോ മാനേജർ കേഡറിൽ സർവ്വീലുള്ളതോ, അല്ലെങ്കിൽ ഉണ്ടായിരുന്നതോ ആയ അംഗങ്ങൾ എന്നും ചേർക്കുവാൻ നിർദ്ദേശിക്കുന്നു.

അതോടൊപ്പം മറ്റേതെങ്കിലും മേഖലയിൽ എന്ന വാക്കുകൾക്ക് പകരം സഹകരണം, സഹകരണ മാനേജ്മെന്റ്, കൃഷി, സാമ്പത്തികശാസ്ത്രം, വാണിജ്യം, പൊതുധനകാര്യം, ഗ്രാമീണ വികസനം, ഇൻഫർമേഷൻ ടെക്നോളജി എന്നിവയിൽ എന്ന വാക്കുകൾ ചേർക്കാനും നിർദ്ദേശമുണ്ട്.

ഭരണസമിതിയിൽ വിദഗ്ധരുടെ സാന്നിധ്യം ഉറപ്പുവരുത്തുവാൻ ഒരു പുതിയ Clause കൂട്ടിച്ചേർക്കാനും നിർദ്ദേശിക്കുന്നുണ്ട്. കമ്മിറ്റി രൂപീകരിച്ച ദിവസം മുതൽ ആറുമാസ കാലയളവിനുള്ളിൽ കമ്മിറ്റി വിദഗ്ധരെ കോ-ഓപ്റ്റ് ചെയ്തിട്ടില്ലെങ്കിൽ സർക്കാരോ, അല്ലെങ്കിൽ രജിസ്ട്രാറോ അത്തരം നാമനിർദ്ദേശം നടത്തേണ്ടതാണെന്ന Clause ആണ് കൂട്ടിച്ചേർക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്.

28-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പിൽ ഒരു സംഘത്തിലെ കമ്മിറ്റി അംഗത്തിനെ അതേ സ്വഭാവമുള്ള മറ്റൊരു കേന്ദ്ര സംഘത്തിലോ സെൻട്രൽ സംഘത്തിലോ കമ്മിറ്റി അംഗമായി നിയോഗിക്കപ്പെടുന്നതിനോ തുടരുന്നതിനോ അയോഗ്യനാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മറ്റൊരു സംഘം എന്ന വാക്കുകൾക്ക് ശേഷം വ്യത്യസ്ത തരത്തിലുള്ള രണ്ടിൽ കൂടുതൽ സംഘത്തിന്റെ എന്ന വാക്കുകൾ കൂട്ടിച്ചേർക്കാൻ നിർദ്ദേശം നൽകുന്നു.

നിലവിലുള്ള പ്രൊവിസോകൾക്കുശേഷം ഒരു പുതിയ പ്രൊവിസോ കൂട്ടിച്ചേർക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. ഒരു സംഘത്തിലെ ഭരണസമിതി അംഗങ്ങൾക്കൊന്നും തുടർച്ചയായ രണ്ടു കാലയളവിൽ കൂടുതൽ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യത ഉണ്ടായിരിക്കുന്നതല്ല എന്ന നിയന്ത്രണ വ്യവസ്ഥയാണത്.

സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകളിൽ സംസ്ഥാന യൂണിയനിലേക്കും സർക്കിൾ സഹകരണ യൂണിയനുകളിലേക്കും തെരഞ്ഞെടുപ്പുകളും കമ്മീഷൻ നടത്തുമെന്ന് നിർദ്ദേശം വകുപ്പ് 28 ബിൽ നിർദ്ദേശിച്ചിട്ടുണ്ട്.

വാർഷിക പൊതുയോഗം വ്യവസ്ഥ ചെയ്തിട്ടുള്ള 29-ാം വകുപ്പിന്റെ ഉപ വകുപ്പ് (1) ന്റെ Clause (CE) ൽ പൊതുയോഗം ചേരേണ്ട തീയതിയും കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതും സംബന്ധിച്ച പ്രഖ്യാപനം എന്ന നിലവിലെ വ്യവസ്ഥ ഒഴിവാക്കി പകരം ഡയറക്ടർ ബോർഡ് അംഗങ്ങളുടെയും അവരുടെ അടുത്ത ബന്ധുക്കളുടെയും ജീവനക്കാരുടെയും അവരുടെ അടുത്ത ബന്ധുക്കളെയും ബന്ധപ്പെട്ട വർഷത്തെ സംഘത്തിലേക്കുള്ള എല്ലാ ബാധ്യതകളുടെയും വിശദമായ ലിസ്റ്റ് പൊതുയോഗത്തിന്റെ അറിവിലേക്കായി സമർപ്പിക്കണം എന്ന് ചേർക്കുവാനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ഭരണസമിതിയെ പിരിച്ചുവിടാൻ വ്യവസ്ഥയുള്ള 32-ാം വകുപ്പിൽ 1-ാം ഉപവകുപ്പിന്റെ Clause (e) ൽ പുറത്താക്കപ്പെട്ട ഭരണസമിതിയിലെ ഓരോ അംഗത്തിനും അവർ അയോഗ്യരാക്കപ്പെട്ട ഉത്തരവ് തീയതി മുതൽ രണ്ട് തുടർച്ചയായ കാലയളവിൽ ഒരു സംഘത്തിലെ ഭരണസമിതി തെരഞ്ഞെടുപ്പിലേക്കും മത്സരിക്കുന്നതിനോ ഭരണസമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ അയോഗ്യരായിരിക്കും എന്ന ശിക്ഷണ വ്യവസ്ഥയിൽ രണ്ടും തുടർച്ചയായ കാലയളവിൽ എന്നത് ഒരു തവണ എന്നാക്കി ലഘൂകരിക്കാൻ വ്യവസ്ഥ നിർദേശിച്ചിരിക്കുന്നു.

കമ്മിറ്റിയെ സസ്പെന്റ് ചെയ്യാനുള്ള പുതിയ വ്യവസ്ഥ വകുപ്പ് 32A ൽ പുതിയതായി ചേർക്കുവാൻ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. രജിസ്ട്രാർ നടത്തിയ ഒരു പ്രാഥമിക അന്വേഷണത്തിലോ സംസ്ഥാന സർക്കാരിന്റെ അന്വേഷണ റിപ്പോർട്ടിലോ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയോ അല്ലെങ്കിൽ പോലീസിന്റെയോ റിപ്പോർട്ടിലോ ഭരണസമിതിയിൽ നിയമപരമായി അർപ്പിതമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുകയോ അല്ലെങ്കിൽ അവഗണിക്കുന്നെന്നോ അല്ലെങ്കിൽ സംഘ താല്പര്യത്തിന് വിരുദ്ധമായി എന്തെങ്കിലും ചെയ്യുന്നോ രജിസ്ട്രാറുടെ നിയമപരമായ ഉത്തരവുകളോ നിർദ്ദേശങ്ങളോ മനഃപൂർവ്വം അനുസരിക്കാതിരുന്നെന്നോ അല്ലെങ്കിൽ പാലിക്കുന്നതിൽ പരാജയപ്പെട്ടെന്നോ അല്ലെങ്കിൽ റിക്കാർഡുകൾ നശിപ്പിക്കുകയോ കേടാക്കുകയോ ചെയ്യുന്നോ അല്ലെങ്കിൽ അത്തരം കമ്മിറ്റി തുടരുന്നത് സ്വതന്ത്രവും നീതിയുക്തവുമായ അന്വേഷണത്തെ ബാധിക്കുമെന്നോ ബോധ്യപ്പെട്ടാൽ രജിസ്ട്രാർക്ക് കമ്മിറ്റിയുടെ എതിർപ്പുകൾ അറിയിക്കുന്നതിന് അവസരം നൽകിയശേഷം രേഖാമൂലമുള്ള ഉത്തരവിലൂടെ കമ്മിറ്റിയെ സസ്പെന്റ് ചെയ്യാനും തൽസ്ഥാനത്ത് സംഘകാര്യങ്ങൾ നിർവഹിക്കാൻ ആറു മാസത്തിൽ അധികരിക്കാത്ത കാലത്തേക്ക് ഒരു അഡ്മിനിസ്ട്രേറ്ററെയോ അല്ലെങ്കിൽ മൂന്നു പേരിൽ അധികരിക്കാത്ത അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെയോ നിയമിക്കാനുള്ള വ്യവസ്ഥയാണ് വകുപ്പ് 32(A) യിൽ നിർദ്ദേശിച്ചിരിക്കുന്നത്.

സഹകരണ സംഘത്തിൽ ഈടായി നൽകേണ്ട സ്ഥാവര സ്വത്തിന്റെ മൂല്യം യോഗ്യതയുള്ള സ്വതന്ത്ര മൂല്യനിർണക്കാരാൽ നിർണയിക്കപ്പെട്ട പ്രകാരം മൂല്യനിർണയം നടത്തേണ്ടതാണെന്ന് പുതിയതായി കൂട്ടിച്ചേർക്കാൻ നിർദ്ദേശിച്ചിട്ടുള്ള വകുപ്പ് 59(7) ൽ

വ്യവസ്ഥ ചെയ്തിരിക്കുന്നു. രജിസ്ട്രാർ അംഗീകരിച്ച പാനലിൽ നിന്നാണ് മൂല്യനിർണയക്കാരെ തെരഞ്ഞെടുക്കേണ്ടത്. മൂല്യനിർണയക്കാരുടെ നിയമനം, മൂല്യനിർണ്ണയം നടത്തേണ്ട ലോൺ തുക, മൂല്യനിർണയക്കാരെ നിയമിക്കുന്നതിനുള്ള യോഗ്യത, പരിചയം, നിബന്ധനകൾ എന്നിവർ നിർണയിക്കപ്പെടുന്ന പ്രകാരമായിരിക്കും.

സഹകരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ വിഭാഗവുമായി ബന്ധപ്പെട്ട 80-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പിൽ ജീവനക്കാരെ നിയമിക്കുന്നതിന് മുൻപ് അവരുടെ സ്വഭാവവും പൂർവചരിത്രവും പരിശോധിച്ചും തുടർന്നുള്ള പോലീസ് പരിശോധനയ്ക്കും ശേഷം മാത്രമേ നിയമനം ക്രമപ്പെടുത്താൻ പാടുള്ളൂ എന്ന് കൂട്ടിച്ചേർക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

80-ാം വകുപ്പിന്റെ ഉപ വകുപ്പ് 5 ൽ ഓരോ സംഘത്തിലെ ആകെ തസ്തികളിൽ മൂന്ന് ശതമാനം ജീവനക്കാരെ 40 ശതമാനമോ അതിൽ കൂടുതലോ വികലാംഗർ, മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിയമനം നടപടികളിലൂടെ നിയമിക്കപ്പെടേണ്ടതാണെന്ന വ്യവസ്ഥയിൽ മൂന്ന് ശതമാനം എന്നത് നാല് ശതമാനമായി ഉയർത്താനുള്ള വ്യവസ്ഥ ബില്ലിൽ ഉണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കും, ഭിന്നശേഷിക്കാർക്കും സഹകരണ സ്ഥാപനങ്ങളിലെ നിയമനത്തിൽ വ്യക്തത വരുത്തുവാൻ ഒരു പുതിയ പ്രൊവിസോ കൂട്ടിച്ചേർക്കാൻ നിർദ്ദേശിക്കുന്നു. നിയമന യൂണിറ്റ് 20 ആയിരിക്കുന്നതും അതിൽ നാലും പതിനാലും ഊഴങ്ങൾ SC/ST ഉദ്യോഗാർത്ഥികൾക്ക് വേണ്ടി സംവരണം ചെയ്യേണ്ടതും പത്താമത്തെ ഊഴം ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്യേണ്ടതുമാണ്.

സഹകരണ സർവീസ് പരീക്ഷ ബോർഡുമായി ബന്ധപ്പെട്ട വകുപ്പ് 80(B) ൽ നിലവിലെ ഒന്നാം ഉപവകുപ്പ് നീക്കം ചെയ്ത് പകരമായി ചുവടെ കൊടുത്തിട്ടുള്ള വ്യവസ്ഥ 1-ാം ഉപവകുപ്പുമായി ചേർക്കുവാൻ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഉദ്യോഗസ്ഥരെയും ജീവനക്കാരെയും റിക്രൂട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഈ ആക്ടിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ ഏതെങ്കിലും സംഘനിയമാവലിയിലോ എന്തു തന്നെ വ്യവസ്ഥ ചെയ്തിരുന്നാലും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി എല്ലാ സഹകരണ സംഘങ്ങളിലും ബോർഡുകളിലും രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലേക്കുള്ള ജൂനിയർ ക്ലാർക്കും അതിനു മുകളിലുമുള്ള തസ്തികളിലേക്കുള്ള നേരിട്ടുള്ള എല്ലാ നിയമനങ്ങൾക്കും വേണ്ടി എഴുത്തുപരീക്ഷ നടത്തുന്നതിനായി ഒരു സഹകരണ പരീക്ഷാ ബോർഡ് രൂപീകരിക്കേണ്ടതാണ് എന്നതാണ് നിർദ്ദേശിക്കപ്പെട്ട പുതിയ വ്യവസ്ഥ. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയിലെ നിയമനങ്ങൾ മാത്രമാണ് പരീക്ഷ ബോർഡിന് നൽകിയിരിക്കുന്നത്.

കേരള ബാങ്ക് ബോർഡ് ഓഫ് മാനേജ്മെന്റ് അംഗവും
അഗ്രിക്കൾച്ചറൽ കോ – ഓപ്പറേറ്റീവ് സ്റ്റാഫ്
ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം മുൻ ഡയറക്ടറുമാണ് ശ്രീ.ബി.പി.പിള്ള

സാന്ത്വന സ്പർശമായി കേരള ബാങ്ക് ജീവനക്കാർ

കുടുംബത്തിലെ ഏക വരുമാന സ്രോതസ്സായ പ്രദീപ് അപകടത്തെ തുടർന്ന് ഉറ്റവരെയും ഉടയവരെയും തിരിച്ചറിയാത്ത അവസ്ഥയിൽ കിടക്കുമ്പോൾ, മുതലും പലിശയും ചേർന്ന് ഒമ്പതുലക്ഷം രൂപയോളം എത്തിയ പ്രദീപിന്റെ വായ്പ കുടിശ്ശിക അടയ്ക്കാൻ ആ കുടുംബത്തിന്റെ മുന്നിൽ യാതൊരു വഴിയുമില്ലായിരുന്നു. കുടുംബത്തിന്റെ സ്ഥിതി മനസ്സിലാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ പലിശ ഇളവ് വരുത്തി 3,94,594 രൂപ തിരിച്ചടക്കാൻ കേരള ബാങ്ക് അനുവദിച്ചെങ്കിലും, ആ കുടുംബത്തിന് ഈ തുക അടയക്കാൻ സാധിക്കുമായിരുന്നില്ല. അങ്ങനെ വഴിയടഞ്ഞ ആ സന്ദർഭത്തിലാണ് സുമനസ്സുകളായ ആലപ്പുഴ ജില്ലയിലെ കേരള ബാങ്ക് ജീവനക്കാർ സമൂഹത്തിൽ നന്മയുടെ ഉറവ വറ്റിയിട്ടില്ല എന്ന് ലോകത്തിന് കാട്ടിക്കൊടുത്തത്. കേരള ബാങ്ക് ആലപ്പുഴ കെ പി റോഡ് ശാഖയിലെ പ്രദീപിന്റെ വായ്പാ കുടിശ്ശികയായ 3,94,534 രൂപ ജീവനക്കാർ പണം കണ്ടെത്തി തിരിച്ചടച്ചു.

കായംകുളം ചേരാവള്ളി വാത്തിശേരി ത്തറയിൽ പ്രസന്നൻ- നളിനി ദമ്പതികളുടെ മകൻ പ്രദീപ് 2014ൽ കായംകുളം കെ പി റോഡ് ശാഖയിൽ നിന്നെടുത്ത വായ്പാതുകയാണ് ജീവനക്കാർ പണം സമാഹരിച്ച് തിരിച്ചടച്ചത്.

സഹോദരിയുടെ വിവാഹ ശേഷമുണ്ടായ കടം വീട്ടാൻ 5 ലക്ഷം രൂപയാണ് പ്രദീപ് വായ്പയെടുത്തത്. വീട് ഉൾപ്പടെയുള്ള സ്ഥലത്തിന്റെ ആധാരം ഈടായി ഇതിന് നൽകിയിരുന്നു. 2015 നവംബർ 4- നുണ്ടായ വാഹനാപകടം പ്രദീപിനെ അബോധാവസ്ഥയിലാക്കി. ഹരിപ്പാട്ടെ സ്വകാര്യ ബാങ്ക് ജീവനക്കാരനായിരുന്ന പ്രദീപ് സഞ്ചരിച്ച ബൈക്കിൽ പിന്നാലെയെത്തിയ വാഹനം ഇടിച്ചായിരുന്നു അപകടം. ഇടിച്ച വാഹനം കണ്ടെത്താനായില്ല. അപകടത്തെ തുടർന്ന് വായ്പാ തിരിച്ചടവ് മുടങ്ങി. ജീവന്റെ ശേഷിപ്പ് മാത്രമുള്ള പ്രദീപിനെ സഹായിക്കാൻ ബാങ്ക് ജീവനക്കാർ അവരുടെ വരുമാനത്തിൽ നിന്നും സമാഹരിച്ച് തുക ബാങ്കിലടക്കുകയായിരുന്നു. വായ്പക്ക് ഈടായി നൽകിയ ആധാരം കേരള ബാങ്കിന്റെ നവീകരിച്ച പുന്നപ്ര ശാഖാ ഉദ്ഘാടന വേദിയിൽ പ്രദീപിന്റെ മാതാപിതാക്കൾക്ക് ബാങ്ക് പ്രസിഡന്റ്, ശ്രീ.ഗോപി കോട്ട മുറിക്കൽ കൈമാറി. ഈ ജീവകാരുണ്യ പ്രവർത്തനത്തിൽ ബാങ്ക് ഡയറക്ടർ, ശ്രീ സത്യപാലനും, കേരള ബാങ്ക് ജീവനക്കാരുടെ സംഘടനയും സജീവ ഇടപെടലുകൾ നടത്തി.

തിരിച്ചടവിന് ശേഷിയില്ലെന്ന് ബോധ്യപ്പെട്ട 40ൽ അധികം ഇടപാടുകാരുടെ വായ്പയാണ് 2021 ഡിസംബർ മുതൽ ഇതുവരെ കേരള ബാങ്കിന്റെ വിവിധ ശാഖകളിലൂടെ ജീവനക്കാർ മുൻകൈ എടുത്ത് കുടിശ്ശിക തീർത്ത് പ്രമാണം തിരികെ നൽകിയത്. കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'Be The Number One' ക്യാമ്പയിന്റെയും കുടിശ്ശിക നിവാരണ പ്രവർത്തനങ്ങളുടെയും ഭാഗമായിട്ടാണ് ഈ സാമൂഹ്യക്ഷേമ പ്രവർത്തനം നടപ്പാക്കിയത്.

കേരള ബാങ്ക് - ഏഷ്യയിൽ ഒന്നാമത്

അന്തർദേശീയ സഹകരണ സഖ്യവും (ICA) യൂറോപ്യൻ സഹകരണ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 01.12.2022-ന് പ്രസിദ്ധീകരിച്ച world cooperative monitor റിപ്പോർട്ട് പ്രകാരം കേരള ബാങ്കിന് ഏഷ്യയിൽ ഒന്നാം സ്ഥാനം ലഭിച്ചു. ലോകത്തെ ഏറ്റവും വലിയ 300 സഹകരണ സംഘങ്ങളുടെ പട്ടികയിൽ (Turnover/GDP per capita അടിസ്ഥാനത്തിൽ) ധനകാര്യ സേവന മേഖലയിലെ പ്രവർത്തനത്തിനാണ് ഏഷ്യയിൽ ഒന്നാം സ്ഥാനം ബാങ്കിന് ലഭിച്ചത്.

13 ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ചേർന്ന് 2019 നവംബർ 29-ന് രൂപീകരിച്ച കേരള ബാങ്ക് ബഹു: മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയന്റെ സ്വപ്ന പദ്ധതിയാണ്. കേരള ബാങ്കിന്റെ ഈ നേട്ടത്തിലൂടെ ലോക സഹകരണ പ്രസ്ഥാനത്തിൽ കേരളത്തിന് ഇടം പിടിക്കാൻ അവസരം ലഭിച്ചിരിക്കുകയാണ്.

ബാങ്കിന്റെ ഭരണസമിതിയുടെയും ബോർഡ് ഓഫ് മാനേജ്മെന്റിന്റെയും ഉന്നത ഉദ്യോഗസ്ഥരുടെയും എല്ലാ ജീവനക്കാരുടെയും കഠിനാധ്വാനത്തിന്റെയും ചിട്ടയാർന്ന പ്രവർത്തനത്തിന്റെയും അംഗീകാരം കൂടിയാണ് 3-ാം വാർഷികത്തിൽ ലഭിച്ച ഈ നേട്ടമെന്ന് ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിക്കൽ അറിയിച്ചു. ഇൻഡസ്ട്രിയൽ യൂട്ടിലിറ്റി വിഭാഗത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം രണ്ടാം സ്ഥാനത്താണ്. ULCCS- ന് മുന്നിൽ സ്പെയിനിലെ മോൺട്രാഗൺ കോർപ്പറേഷൻ ആണ്. കഴിഞ്ഞ 3 തവണയായി ULCCS ഈ സ്ഥാനം നിലനിറുത്തുന്നു. ഇന്ത്യയിൽ നിന്നും 16 സംഘങ്ങളാണ് ഈ 300 സംഘങ്ങളുടെ പട്ടികയിൽ സ്ഥാനം നേടിയത്. അതിൽ 2 എണ്ണം കേരളത്തിൽ ഉള്ളതാണ് എന്നത് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ഏറെ അഭിമാനകരമാണ്.

സംസാരിക്കുന്ന കലണ്ടറുമായി കേരള ബാങ്ക്

Rhythm of Life (ജീവിതത്തിന്റെ താളം) എന്ന Conceptൽ രൂപകൽപ്പന ചെയ്ത കേരള ബാങ്കിന്റെ 2023 ലെ കലണ്ടർ എറണാകുളത്ത് വെച്ച് ബഹു. ബാങ്ക് പ്രസിഡണ്ട് ശ്രീ. ഗോപി കോട്ടമുറിക്കൽ പ്രകാശനം ചെയ്തു.

സംസാരിക്കുന്ന ഒരു കലണ്ടർ എന്ന സവിശേഷത കൂടി 2023 ലെ കേരള ബാങ്ക് കലണ്ടറിനുണ്ട്. കേരള ചരിത്രത്തിലാദ്യമായാണ് സംസാരിക്കുന്ന ഒരു കലണ്ടർ പുറത്തിറങ്ങുന്നത്.

കലണ്ടറിന്റെ മുകളിൽ ഇടതു ഭാഗത്തുള്ള QR Code Scan ചെയ്യുന്നതിലൂടെ ഓരോ മാസത്തെക്കുറിച്ചുമുള്ള സന്ദേശം നമുക്ക് കേൾക്കാം.

ഒരോ താളിലും വലതു ഭാഗത്തുള്ള QR code ബാങ്കിന്റെ വ്യത്യസ്ത വായ്പാ പദ്ധതികളെക്കുറിച്ച് വിശദമായി സംസാരിക്കുന്നു.

ഹെഡ്ഓഫീസ് സെക്ഷനുകൾ, 7 റീജിയണൽ ഓഫീസുകൾ, കോർപ്പറേറ്റ് ബിസിനസ് ഓഫീസ്, ജില്ലകളിലെ ക്രെഡിറ്റ് പ്രോസസിംങ് സെന്ററുകൾ എന്നീ ഓഫീസുകളുമായി ബന്ധപ്പെടേണ്ട വിവരങ്ങളും ആദ്യ പേജിൽ ലഭ്യമാണ്. QR Code സ്കാൻ ചെയ്തുകൊണ്ട് ബാങ്കിന്റെ 769 ശാഖകളുടെ ഫോൺ നമ്പർ, IFS Code, ഇമെയിൽ ഐഡി എന്നിവയും, വായ്പാ പദ്ധതികളുടെ update വിവരങ്ങളുമെല്ലാം മൊബൈൽ സ്ക്രീനിലൂടെ അറിയാം.

ഇംഗ്ലീഷ്, മലയാളം, ഹിജറ, തമിഴ്, ശക വർഷ തിയ്യതികളും പൊതു അവധികൾ, ബാങ്ക് അവധികൾ, വിശേഷ ദിവസങ്ങൾ, ഉദയാസ്തമയ സമയം, നക്ഷത്രം, രാഹുകാലം ഗുളിക കാലം, നമസ്കാര സമയം എന്നീ വിവരങ്ങളെല്ലാമുണ്ട്. ഇടപാടുകാർക്കും പൊതു ജനങ്ങൾക്കും സഹകാരികൾക്കും ബാങ്ക് ജീവനക്കാർക്കും പ്രയോജനപ്പെടുന്ന ഒരു സമ്പൂർണ്ണ കലണ്ടറാണിത്.

മനോഹരമായി രൂപകൽപ്പന ചെയ്ത കലണ്ടർ 130 GSM ആർട്ട് പേപ്പറിലാണ് അച്ചടിച്ചിട്ടുള്ളത്.

അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി; ബാങ്ക് അക്കൗണ്ടില്ലാത്തവർക്ക് അക്കൗണ്ടുമായി കേരള ബാങ്ക്

കോഴിക്കോട്: സംസ്ഥാന സർക്കാരിന്റെ അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ ഭാഗമായി കോഴിക്കോട് കോർപ്പറേഷൻ കേരള ബാങ്കിന്റെ സഹകരണത്തോടെ ബാങ്ക് അക്കൗണ്ടില്ലാത്തവർക്ക് അക്കൗണ്ട് നൽകി. അതിദാരിദ്ര്യം കൊണ്ടും രോഗംകൊണ്ടും ശാരീരിക അവശതകൾക്കൊണ്ടും ദുരിതമനുഭവിക്കുന്നവർക്ക് പദ്ധതി പ്രകാരം സർക്കാരിന്റെ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ആദ്യപടിയായാണ് പ്രത്യേക ക്യാമ്പയിൻ നടത്തി ബാങ്ക് അക്കൗണ്ട് നൽകിയത്. ടാഗോർഹാളിൽ നടന്ന പരിപാടിക്ക് സീനിയർ മാനേജർ ശ്രീ.എൽ പി ബിനു, പബ്ലിക് റിലേഷൻസ് ഓഫീസർ ശ്രീ.സി സഹദ്, ശ്രീ.ടി പ്രമോദ്, ശ്രീമതി സി ജാസ്മിന, ശ്രീമതി.ജി പ്രീത, ശ്രീമതി ആർ ഹരിത എന്നിവർ നേതൃത്വം നൽകി.

Revenue Recovery Act അനുസരിച്ച് കേരള ബാങ്ക് വായ്പകൾ തിരിച്ചു പിടിക്കുന്നത് സംബന്ധിച്ച് അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

കേരള ഗവൺമെന്റ് 06.08.2021ലെ GO(P) No.108/2021/RD-SRO ND607/2021 അനുസരിച്ച് Revenue Recovery Act അനുസരിച്ച് ബാദ്ധ്യത തുക വസൂലാക്കാനുള്ള അധികാരം കേരള സംസ്ഥാന സഹകരണ ബാങ്കിന് അനുവദിച്ച് ഉത്തരവാക്കിയിരിക്കുന്നു. ഇത്തരം ആനുകൂല്യം മറ്റു ഷെഡ്യൂൾഡ് ബാങ്കുകൾക്ക് നേരത്തെ ലഭ്യമായിരുന്നു. മുകളിൽ പറഞ്ഞ ഉത്തരവനുസരിച്ച് കേരള സംസ്ഥാന സഹകരണ ബാങ്കിന് പിരിഞ്ഞു കിട്ടേണ്ടതായിട്ടുള്ള നിഷ്ക്രിയ ആസ്തികൾ Revenue Recovery Act അനുസരിച്ച് അതാതു ജില്ല/താലൂക്കിലെ Revenue Recovery ഉദ്യോഗസ്ഥർ മുഖേന പിരിച്ചെടുക്കാൻ സാധിക്കുന്നതാണ്.

(നിബന്ധനകൾക്ക് വിധേയമായി)

ഏതെല്ലാം വായ്പകൾ Revenue Recovery Act അനുസരിച്ച് വസൂലാക്കാം?

1. മുൻഗണനാ മേഖലയ്ക്കും സ്വയം തൊഴിൽ ആവശ്യങ്ങൾക്കും നൽകിയ വായ്പകൾ വസ്തു ജാമ്യത്തിൽ നൽകിയിട്ടുള്ള വായ്പകളെ സ്വയംതൊഴിൽ വായ്പയായി പരിഗണിക്കാവുന്നതാണ്.
2. മനഃപൂർവ്വം വീഴ്ച വരുത്തിയവരടക്കമുള്ള മുഴുവൻ കുടിശ്ശികക്കാരെയും Revenue Recovery Act ന്റെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്.
3. Revenue Recovery Act അനുസരിച്ച് പിരിച്ചെടുക്കാവുന്ന കുറഞ്ഞ സംഖ്യ 1000 രൂപയും കൂടിയ സംഖ്യ 20 ലക്ഷം രൂപയുമാണ്.

Revenue Recovery വളരെ ലളിതവും ചിലവുകുറഞ്ഞതുമായ പ്രക്രിയയാണ്. അതുകൊണ്ട് തന്നെ പരമാവധി നിഷ്ക്രിയ ആസ്തികൾ Revenue Recovery ഉപയോഗിച്ച് വസൂലാക്കാവുന്നതാണ്. എന്നാൽ വായ്പാ Documents ന്റെ കാലാവധി റവന്യൂ റിക്കവറി സമയത്ത് ദീർഘിപ്പിച്ച് കിട്ടാത്തതിനാൽ, കാലാവധി ദീർഘിപ്പിച്ചു കിട്ടുന്നതിനാവശ്യമായ അനുബന്ധ രേഖകൾ (AOD/Revival letter etc) എടുത്തിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ശാഖകൾ എന്തുചെയ്യണം-

1. RR File ചെയ്യാൻ ഉദ്ദേശിക്കുന്ന വായ്പകളുടെ വിശദവിവരങ്ങൾ നിശ്ചിത ഫോറത്തിൽ അതാതു സി.പി.സി കളിലേക്ക് എഴുതി അയയ്ക്കണം.
2. മുകളിൽ പ്രതിപാദിച്ച എല്ലാത്തരവായ്പകളും RRന് അയയ്ക്കാവുന്നതാണ്.
3. മറ്റുExecution നടപടികൾ എടുത്തിട്ടില്ലാത്ത വായ്പകളാണ് സാധാരണ RRന് വേണ്ടി അയയ്ക്കുന്നത്. എന്നാൽ Execution നടപടികൾ നിർത്തിവെച്ച് RRന് അയയ്ക്കാവുന്നതാണ്.

ഉദാ- i) SARFAESI പ്രകാരം possession stageൽ എത്തിനിൽക്കുന്ന വായ്പകൾ SARFAESI പ്രകാരം തുടരുന്നതാണ് ഉചിതം. എന്നാൽ Execution നടത്താൻ ബുദ്ധിമുട്ടുവരുന്ന file നടപടി നിർത്തിവെച്ച് Revenue Recoveryക്ക് കൊടുക്കാവുന്നതാണ്. അങ്ങനെ ചെയ്യുന്ന കേസുകളിൽ അതാതു സി.പി.സി/ആർ.ഒ യുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം Revenue Recoveryക്ക് അയക്കുന്നത്.

ii) ARCയിൽ അവാർഡ് ആയ വായ്പകളുടെ വേണമെങ്കിൽ അതാതു സി.പി.സി/ആർ.ഒയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ Revenue Recovery file ചെയ്യാവുന്നതാണ്.

4. Security ഉള്ള വായ്പകളും ഇല്ലാത്ത വായ്പകളും RR file ചെയ്യാവുന്നതാണ്. Security ഉള്ള file കളിൽ Securityയുടെ മുഴുവൻ കാര്യങ്ങളും (Sr. no. extent, village, boundaries) സി.പി.സിയെ അറിയിക്കേണ്ടതാണ്.
5. മറ്റു നടപടികൾ എടുത്തിട്ടും തുക പിരിഞ്ഞു കിട്ടാത്ത fileകൾ RRന് file ചെയ്യുമ്പോൾ അതാത് സി.പി.സി ഹെഡ്ഡിന്റെ അനുവാദം വാങ്ങിയിരിക്കണം.
6. RR file ചെയ്യുമ്പോൾ കഴിയുമ്പോൾ റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും ഒരു RR reference നമ്പർ ലഭിക്കും. അത് കൃത്യമായി അതാതു file കളിൽ സൂക്ഷിക്കേണ്ടതാണ്.
7. ഇത്തരം RR file ചെയ്ത നമ്പർ ലഭിച്ച വായ്പകളിൽ പിന്നീട് പണം നേരിട്ട് വാങ്ങാൻ പാടുള്ളതല്ല. പണം അടയ്ക്കാൻ വായ്പക്കാരൻ വരുമ്പോൾ RR file ചെയ്ത കാര്യം ബോദ്ധ്യപ്പെടുത്തിയിരിക്കണം. വില്ലേജ് ഓഫീസറുടെ അനുവാദത്തോടെ അത്തരം വായ്പകളിൽ പണം സ്വീകരിക്കാവുന്നതാണ്. സ്വീകരിച്ച കഴിയുമ്പോൾ ആ തുകയുടെ നിശ്ചിത ഫീസ് വില്ലേജ് ഓഫീസിലേയ്ക്ക് ഡി.ഡി ആയി അയയ്ക്കേണ്ടതാണ്.

വായ്പക്കാരൻ OTS നോ സെറ്റിൽമെന്റിനോ വന്നാൽ മുകളിൽ പ്രതിപാദിച്ച പോലെ വില്ലേജ് ഓഫീസറുടെ അനുവാദത്തോടെ സെറ്റിൽമെന്റ് തുക വാങ്ങാവുന്നതാണ്. അത്തരം സെറ്റിൽമെന്റ് തുകയുടെ 1% വില്ലേജ് ഓഫീസിൽ അടയ്ക്കേണ്ടതും വില്ലേജ് ഓഫീസിൽ Revenue Recovery file ക്ലോസ് ചെയ്തുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

വായ്പക്കാരൻ തുക മുഴുവൻ അടച്ചാൽ മാത്രമേ ഇത്തരം വായ്പകളിൽ സെറ്റിൽമെന്റ് അനുവദിക്കാൻ സാധിക്കുകയുള്ളൂ. അതായത് സെറ്റിൽമെന്റ് ചെയ്ത തുക അടയ്ക്കാൻ സാവകാശം കൊടുക്കാൻ സാധിക്കില്ല എന്നർത്ഥം.

സി.പി.സി കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. Makers enter ചെയ്യുമ്പോഴും വായ്പയുടെ checkers verify ചെയ്യുമ്പോഴും വായ്പയുടെ വിശദ വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. വായ്പക്കാരന്റെയും Co-obligant / guaranters ന്റെയും വിശദവിവരങ്ങൾ ശരിയായി രേഖപ്പെടുത്തിയിരിക്കണം.
3. വായ്പകളിൽ RR file ചെയ്യുന്ന തീയതിവരെ contractual note-ൽ പലിശ കണക്കാക്കി ചേർത്ത് കിട്ടുന്ന മൊത്തം തുകയുടെ 5.25% ചേർക്കണം. ഇങ്ങനെ കിട്ടുന്ന ആകെ തുകയ്ക്കാണ് RR file ചെയ്യേണ്ടത്.

ഉദാ. വായ്പാ തുക 94000- A

14% കണക്കിൽ

ഇതുവരെയുള്ള പലിശ 26000 - B

ആകെ തുക 120000 - (A+B)

RR charge @5.25% 6300 - D

RR file ചെയ്യേണ്ട തുക 126300 - E

4. സി.പി.സി കളിൽ നിന്നും ചെക്കറുടെ Digital Signature ഉപയോഗിച്ച് RR file (Form No.24) ചെയ്തുകഴിയുമ്പോൾ ജില്ലാ കളക്ടർ RRC 25 അതാതു തഹസീൽദാർക്ക് അയക്കുന്നു.
5. RRC 25 ലഭിക്കുന്ന മുറയ്ക്ക് തഹസിൽദാർ Demand Notice generate ചെയ്ത് അതാതു വില്ലേജ് ഓഫീസർക്ക് കൈമാറുന്നു.
6. വില്ലേജ് ഓഫീസർ ഡിമാന്റ് നോട്ടീസ് വായ്പക്കാരന് അയയ്ക്കുന്നു/പതിക്കുന്നു.
7. ഫയലുകളിൽ ഇത്തരത്തിൽ വേഗത്തിൽ നീങ്ങുന്നുണ്ടെന്ന് അതാത് സി.പി.സികൾ ഉറപ്പുവരുത്തേണ്ടതാണ്. RR ഉദ്യോഗസ്ഥരുമായി നല്ല ബന്ധം സ്ഥാപിച്ച് RRന്റെ പരമാവധി പ്രയോജനം ഉപയോഗപ്പെടുത്തേണ്ടതാണ്.

KERALA
BANK

MERRY
X MAS
KERALA
BANK
Kerala State Co-operative Bank

Be the Number One FINALE 2023 തൃശ്ശൂരിൽ സംഘടിപ്പിച്ചു



01.04.2022 മുതൽ 31.3.2023 വരെയുള്ള കാലയളവിലെ കൈവരിക്കുന്ന നേട്ടങ്ങൾ പരിഗണിച്ച് ബാങ്കിന്റെ മികച്ച റീജണൽ ഓഫീസ്, ക്രെഡിറ്റ് പ്രോസസിംഗ് സെന്റർ, ശാഖകൾ എന്നിവയ്ക്കുള്ള മിനിസ്റ്റേഴ്സ് റോളിംഗ് ട്രോഫിക്കുള്ള പുതിയ അവകാശികളെ കണ്ടെത്തുന്നതിനുള്ള ക്യാമ്പയിൻ പ്രഖ്യാപന ചടങ്ങ് ബഹു: ദേവസ്വം പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി, ശ്രീ കെ രാധാകൃഷ്ണൻ തൃശ്ശൂർ ബാങ്ക് ഓഫീസിലെ ജവഹർ കൺവെൻഷൻ സെന്ററിൽ ജനുവരി മൂന്നിന് രാവിലെ ഉദ്ഘാടനം ചെയ്തു. മിഷൻ 100 ഡെയ്സിന്റെ അവാർഡ് വിതരണവും തദവസരത്തിൽ മന്ത്രി നിർവഹിച്ചു. ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ, വൈസ് പ്രസിഡന്റ് ശ്രീ. എം. കെ. കണ്ണൻ സ്വാഗതം ആശംസിച്ചു. 'Be the Number One FINALE 2023' എന്ന് നാമകരണം ചെയ്തിട്ടുള്ള ക്യാമ്പയിൻ പ്രഖ്യാപന ചടങ്ങിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. പി.എസ്. രാജൻ ക്യാമ്പയിന്റെ ആമുഖവും; ചീഫ് മാനേജർ ശ്രീ. കെ.സി. സഹദേവൻ വിശദീകരണവും നൽകി. ബാങ്കിന്റെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച ആശയവിനിമയങ്ങളും ചർച്ചകളും ബാങ്കിന്റെ സീനിയർ മാനേജർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർ പങ്കെടുക്കുന്ന ചടങ്ങിൽ നടത്തുകയുണ്ടായി.

കേരള ബാങ്കിന്റെ പുതുവത്സരാശംസകൾ

മഴവില്ല് പുതിയ രൂപത്തിൽ

ബാങ്കിന്റെ ന്യൂസ് ലെറ്റർ ആയ മഴവില്ല് കൂടുതൽ പേജുകളോടെ പുതിയ രൂപത്തിൽ 2023 മുതൽ പുറത്തിറങ്ങുകയാണ്. സഹകരണം കൂടാതെ ബാങ്കിംഗ്, ടെക്നോളജി, മാനവികത, വിദ്യാഭ്യാസം, പുരോഗമന ആശയങ്ങൾ, ലോകപരിചയം, വിനോദം തുടങ്ങിയ വിവിധങ്ങളായ വിഷയങ്ങളിലുള്ള ലേഖനങ്ങൾ ഉൾക്കൊള്ളിക്കാൻ ശ്രമിക്കുന്നതാണ്. ബാങ്കിനെതിരായി മാധ്യമങ്ങളിലും സാമൂഹ്യ മാധ്യമങ്ങളിലും വരുന്ന വാർത്തകൾക്ക് ബാങ്കിന്റെ ജിഹ്വ എന്ന നിലയിൽ വിശദീകരണം പുതിയ മഴവില്ലിലൂടെ നൽകുന്നതാണ്. പുതിയ മഴവില്ല് വായനക്കാർക്ക് പ്രിയങ്കരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കെ.വി. ഷാജി നബാർഡ് ചെയർമാൻ

ദേശീയ കാർഷിക ഗ്രാമവികസന ബാങ്കായ നബാർഡിന്റെ ചെയർമാനായി മലയാളിയായ കെ.വി. ഷാജി നിയമിതനായി.

അദ്ദേഹത്തെ ചെയർമാനായി നിയമിക്കാനുള്ള കേന്ദ്ര ധനകാര്യ വകുപ്പിന്റെ ശുപാർശ മന്ത്രിതല സമിതി അംഗീകരിക്കുകയായിരുന്നു. അഞ്ചുവർഷത്തേക്കാണ് നിയമനം.

2020 മേയ് 21 മുതൽ നബാർഡിൽ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടറായി പ്രവർത്തിച്ചു വരികയായിരുന്നു. അതിനു മുൻപ് ദീർഘകാലം കാനറാ ബാങ്കിലായിരുന്നു. കേരള ഗ്രാമീൺ ബാങ്കിന്റെ ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം മംഗലത്തുകോണം സ്വദേശിയാണ്. അഗ്രികൾച്ചറൽ സയൻസിൽ എം.എസ്.സിയും അഹമ്മദാബാദ് ഐ.ഐ.എമ്മിൽ നിന്ന് ഒന്നാം റാങ്കോടെ എം.ബി.എ.യും കരസ്ഥമാക്കിയിട്ടുണ്ട്.

മലപ്പുറം ജില്ലാ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കാൻ നടപടി

കേരള ബാങ്കിൽ ലയിക്കാതെ മൂന്നു വർഷമായി മാറി നിന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ ലയിപ്പിക്കാൻ നടപടി തുടങ്ങി. 15 ദിവസത്തിനകം ഇതിൽ ആക്ഷേപങ്ങളുണ്ടെങ്കിൽ രേഖാമൂലം അറിയിക്കണമെന്നാവശ്യപ്പെട്ട് ജില്ലാ ബാങ്കിലെ അംഗസംഘങ്ങൾക്ക് സഹകരണ രജിസ്ട്രാർ കത്തയച്ചു. പത്ര പരസ്യവും പ്രസിദ്ധീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കുമെന്ന് സഹകരണ രജിസ്ട്രാർ അലക്സ് വർഗ്ഗീസ് ഉത്തരവ് പുറപ്പെടുവിച്ചു.

നിലവിലുള്ള ത്രിതല വായ്പാ സംവിധാനത്തിൽ നിന്ന് ദ്വിതലത്തിലേക്ക് മാറാനാണ് 14 ജില്ലാ ബാങ്കുകളെയും ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചത്. മലപ്പുറം ഒഴികെയുള്ള ജില്ലാ സഹകരണ ബാങ്കുകളെല്ലാം ഇതിന് അനുകൂലമായി പ്രമേയം പാസ്സാക്കി. കേരള ബാങ്കിൽ ലയിച്ചു. രാഷ്ട്രീയ കാരണങ്ങളാൽ മലപ്പുറം കോടതിയെ സമീപിക്കുകയും അനുകൂല പ്രമേയം കൊണ്ടു വരാതിരിക്കുകയുമായിരുന്നു. 2019 നവംബർ 29ന് ആണ് കേരള ബാങ്ക് നിലവിൽ വന്നത്. മലപ്പുറം ജില്ലാ ബാങ്ക് പ്രസിഡന്റ് യു.എ.ലത്തീഫും കണ്ണിയാൻ മുഹമ്മദലിയും നൽകിയ ഹർജികളിൽ ഹൈക്കോടതി 2021 ഡിസംബർ 14ന് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ലയനം എന്തെങ്കിലുമുണ്ടെങ്കിൽ സഹകരണ നിയമത്തിലെ 74 (എച്ച്)ൽ വിഭാവനം ചെയ്യുന്ന നടപടിക്രമം പാലിക്കണം എന്ന് നിർദ്ദേശമുണ്ടായിരുന്നു.

ഇതിന്റെ കൂടി അടിസ്ഥാനത്തിലാണ് റിസർവ്വ് ബാങ്കിന്റെ അനുമതിയോടെ സഹകരണ രജിസ്ട്രാറിനുള്ള അധികാരം ഉപയോഗിച്ച് ലയിപ്പിക്കൽ നടപടി. ത്രിതല വായ്പാ സംവിധാനം നിലനിൽക്കുന്നതിനാൽ മറ്റു ജില്ലകളിൽ നിന്ന് വ്യത്യസ്തമായി മലപ്പുറത്തെ സഹകരണ മേഖലയ്ക്കും ഇതിനെ ആശ്രയിച്ചു കഴിയുന്നവർക്കും കനത്ത നഷ്ടമാണുണ്ടാകുന്നത്.

വീടുകളിൽ സോളാർ പദ്ധതിയുമായി സഹ: ബാങ്കുകൾ

സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ മുൻകൈ എടുത്ത് വീടുകളിൽ സോളാർ പദ്ധതി നടപ്പിലാക്കുകയാണ്. വൈദ്യുതി ബോർഡുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുക. സർപ്ലസ് ഫണ്ടുള്ള സഹകരണ ബാങ്കുകളിലൂടെയാണ് ആദ്യഘട്ടത്തിൽ ഇത് നടപ്പിലാക്കുക. പുരപ്പുറ വൈദ്യുതി പദ്ധതി സംസ്ഥാന വൈദ്യുതിബോർഡ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും സാധാരണക്കാർക്ക് ഇതിന്റെ സാമ്പത്തികം കണ്ടെത്തുക ബുദ്ധിമുട്ടാണ്. അതുകൊണ്ടാണ് വായ്പാസൗകര്യം ഒരുക്കുന്നകാര്യം സഹകരണവകുപ്പ് പരിഗണിച്ചത്. സോളാർ പദ്ധതിക്ക് 40 ശതമാനം സർക്കാർ സബ്സിഡി ഉണ്ട്. ഇത് കൂടാതെ ഉപയോക്താവിന് കെ.എസ്.ഇ.ബി നൽകുന്ന അധിക വൈദ്യുതിയുടെ വിലയുണ്ട്. ഇത് രണ്ടും വായ്പ നൽകുന്ന ബാങ്കുകൾക്ക് നേരിട്ട് ലഭിക്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കുക. സഹകരണ ബാങ്കുകളിൽ നിന്ന്സോളാർ പദ്ധതിക്ക് ധനസഹായം ലഭ്യമാവുന്നതോടെ കേരളത്തിൽ സൗരോർജ വിപ്ളവത്തിന് കരുത്ത് പകരും. കേരളത്തിന്റെ വൈദ്യുതി ക്ഷാമത്തിന് അത് പരിഹാരമാവുകയും ചെയ്യും.

വരൾച്ചയെ അതിജീവിച്ച് മഞ്ഞൾകൃഷിയിൽ നേട്ടം- അളഗപ്പനഗർ സഹകരണ കൺസോർഷ്യം

തൃശ്ശൂർ ജില്ലയിലെ അളഗപ്പനഗർ പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന രണ്ട് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളായ ആമ്പല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്, വട്ടണാത്ര സർവ്വീസ് സഹകരണ ബാങ്ക് എന്നിവർ കൂടി ചേർന്ന് സഹകരണ നിയമം വകുപ്പ് 14ബി പ്രകാരം രൂപീകരിച്ച് 2017 പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണ് അളഗപ്പനഗർ സഹകരണ കൺസോർഷ്യം. പ്രദേശത്തെ കർഷകരുടെ പ്രശ്നങ്ങൾ പഠിച്ച് അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൃഷി പരിപോഷിപ്പിച്ച് അവരുടെ ഉത്പന്നങ്ങൾ തിരികെ വാങ്ങി വിപണനം ചെയ്യുക വഴി കർഷകരെ കാർഷികവൃത്തിയിൽ ഉറപ്പിച്ച നിർത്തുക എന്നതാണ് കൺസോർഷ്യത്തിന്റെ പ്രാഥമിക ലക്ഷ്യം.

രൂപീകരണത്തിന്റെ പശ്ചാത്തലം

2016ൽ കേരളം കൊടിയ വരൾച്ചയെ അഭിമുഖീകരിച്ചപ്പോൾ അളഗപ്പനഗർ പഞ്ചായത്തിലെ കർഷകരുടെ പ്രധാന വിളകളായ ജാതി, വാഴ, തെങ്ങ് തുടങ്ങിയവയെല്ലാം നശിച്ചുപോയി. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനായി കർഷകരുടെയും ജനപ്രതിനിധികളുടെയും ബാങ്ക് പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചു ചേർക്കുകയുണ്ടായി. പഞ്ചായത്തിലൂടെ നദികൾ ഒന്നും ഒഴുകുന്നില്ലായെന്നതും മറ്റ് ജലസേചന സൗകര്യങ്ങളുടെ അഭാവവും ഇടനാടിൽ ഉൾപ്പെട്ട പ്രദേശത്ത് മുമ്പ് ഉണ്ടായിരുന്ന സുഗന്ധവിളകൾ കൃഷി ചെയ്യുന്നതാണ് അഭികാമ്യം എന്ന് തീരുമാനിക്കപ്പെട്ടു. അതിനായി ICAR– കോഴിക്കോട് ഭാരതീയ സുഗന്ധവിള വിജ്ഞാനകേന്ദ്രം വികസിപ്പിച്ചെടുത്ത പ്രതിഭ എന്ന ഇനം മഞ്ഞൾകൃഷി ചെയ്യുന്നതിനായി തീരുമാനിച്ചു. പ്രദേശത്തിന്റെ ഭൂപ്രകൃതിക്കും കാലാവസ്ഥക്കും ഏറ്റവും അനുയോജ്യമായതും കൂടുതൽ curcumin അളവ് ഉള്ളതുമായ ഒരിനമാണ് പ്രതിഭ. 13.6.2017ൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് വിത്തിറക്കി കൊണ്ട് ഈ പരിപാടിക്ക് തുടക്കംകുറിച്ചു. ആദ്യഘട്ടമായി 52 കർഷകർ 20 ഏക്കറിൽ 16 ടൺ മഞ്ഞൾ കൃഷി ചെയ്തു.

സംഘാടനം

നിലവിൽ രണ്ട് ബാങ്കുകളുടെയും ഭരണസമിതി അംഗങ്ങളുടെയും സൂപ്പർ കേഡർ തസ്തികയിലുള്ള ജീവനക്കാരുടെയും കർഷകരുടെയും നേതൃത്വത്തിലുള്ള ഭരണസമിതിയാണ് ഭരണനിർവ്വഹണം നടത്തുന്നത്. കൂടാതെ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ജീവനക്കാരും പ്രവർത്തിക്കുന്നുണ്ട്.

പ്രവർത്തനങ്ങൾ

കർഷകരുടെ യോഗങ്ങൾ വിളിച്ചുചേർത്ത് കൃഷിയേയും കൺസോർഷ്യത്തിന്റെ പ്രവർത്തനത്തേയും വിശദീകരിക്കുന്നു. താല്പര്യമുള്ള കർഷകരെ കൺസോർഷ്യത്തിൽ രജിസ്റ്റർ ചെയ്യുന്നു. കർഷകർക്കാവശ്യമായ വിത്ത് നൽകുകയും ആവശ്യമെങ്കിൽ കൃഷിയിറക്കുന്നതിനുള്ള മുതൽമുടക്ക് കാർഷിക വായ്പയായി ബാങ്കുകൾ നൽകുന്നു. കൃഷിയുടെ വിള കലണ്ടർ നൽകുകയും അതനുസരിച്ച് കൃഷി ചെയ്യുന്നതിന് അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

കൂടാതെ ഭരണസമിതിയിലെ വിദഗ്ധരും കൃഷി ആഫീസറടക്കം ഫീൽഡുതല സന്ദർശനം നടത്തി കർഷകർക്ക് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നു. അതുപോലെ തന്നെ IISR ശാസ്ത്രജ്ഞരും ഫീൽഡ് സന്ദർശനത്തിന് എത്താറുണ്ട്.

ആവശ്യമായ വളങ്ങൾ, Micro nutrient സമയാസമയങ്ങളിൽ എത്തിച്ചുനൽകുന്നു. കൂടാതെ മഞ്ഞളിന്റെ ഇടവിളയായി ചെയ്യാവുന്ന മുളക്, വെണ്ട തുടങ്ങിയവയുടെ തൈകളും ലഭ്യമാക്കുന്നു.

വിളവെടുപ്പു സമയത്ത് മുഴുവൻ മഞ്ഞളും കർഷകരിൽ നിന്നും കൺസോർഷ്യം തിരിച്ചെടുക്കുന്നു. ഇതുമൂലം കർഷകർക്ക് മെച്ചപ്പെട്ട വില നൽകാനും ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കാനും കഴിയുന്നു. (ഇക്കഴിഞ്ഞ സീസണിൽ മാർക്കറ്റ് വില 15 മുതൽ 19 രൂപവരെയായിരുന്നപ്പോൾ കൺസോർഷ്യം 35 രൂപ കിലോക്ക് നൽകിയാണ് മഞ്ഞൾ ശേഖരിച്ചത്.) ശേഖരിച്ച മഞ്ഞളിന് ഉടൻതന്നെ പണവും നൽകുന്നുണ്ട്. ഇത് കർഷകർക്ക് ഏറെ പ്രയോജനപ്രദമാണ്.

സുഭക്ഷ്യ മഞ്ഞൾപ്പൊടി

കർഷകർക്ക് ന്യായവില ഉറപ്പാക്കാനും, കൃഷി വ്യാപിപ്പിക്കുന്നതിനും മഞ്ഞളിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാവേണ്ടത് അത്യാവശ്യമാണെന്ന തിരിച്ചറിവാണ് മഞ്ഞൾപ്പൊടി വിതരണം ചെയ്യുക എന്ന ആശയത്തിലേക്ക് കൺസോർഷ്യം എത്തിച്ചേർന്നത്. നിലവിൽ മാർക്കറ്റിൽ ലഭിക്കുന്ന മഞ്ഞൾപ്പൊടി പലതും മായം കലർന്നിരിക്കുന്നതിനാൽ ശുദ്ധമായ മഞ്ഞൾപ്പൊടി ലഭ്യമാക്കുക എന്നതിനും മുൻഗണന നൽകുന്നു. മഞ്ഞളിന്റെ പ്രധാന ഔഷധഗുണമായ കുർക്കുമിന്റെ അളവ് കൂടുതലായതിനാൽ ഭക്ഷ്യ-ഔഷധ വിപണിയിൽ കൂടുതൽ ഡിമാന്റ് ഇതിനുണ്ട്.

അതിനായി കൺസോർഷ്യത്തിന്റെ ഉടമസ്ഥതയിൽ സ്വന്തമായി പ്ലാന്റ് ഉണ്ടാക്കുകയും മഞ്ഞൾ പൊടിച്ച് "സുഭക്ഷ്യ" എന്ന ബ്രന്റിൽ മാർക്കറ്റിൽ എത്തിക്കുകയും ചെയ്തു. ഏതു കാലത്തും മഞ്ഞൾ വേവിച്ച് ഉണക്കി പൊടിച്ച് പാക്കറ്റുകളാക്കുന്ന Semi Automatic Plant ആണ് സജ്ജമാക്കിയിട്ടുള്ളത്.

മഞ്ഞൾപ്പൊടി ബാങ്ക് മുഖേനയും സഹകരണ ബാങ്കുകളിലെ സൂപ്പർ മാർക്കറ്റ് മുഖേനയും ഉത്സവ സീസണിലെ ചന്തകളിലൂടെയും കൺസ്യൂമർ ഫെഡ്ഡിന്റെ Outletകളിലൂടെയും മറ്റും വിതരണം ചെയ്തുവരുന്നു. സപ്ലൈകോയുമായി കരാറിലേർപ്പെടാനുള്ള ശ്രമവും നടന്നുവരുന്നു. രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുമെന്നതിനാൽ, കോവിഡ് കാലത്ത് ഇതിന്റെ ഉപയോഗം വർദ്ധിച്ചിട്ടുണ്ട്.

നിലവിലെ സ്ഥിതി

ഇപ്പോൾ കൺസോർഷ്യത്തിന്റെ കീഴിൽ ICAR - IISR ചേർന്ന് വികസിപ്പിച്ചെടുത്ത പ്രതിഭ, പ്രഗതി, ആലപ്പി സുപ്രീം എന്നീ ഇനങ്ങൾ കൃഷി ചെയ്തു വരുന്നുണ്ട്. ICAR - IISR ന്റെ വിത്തുൽപ്പാദന - വിതരണത്തിന്റെ അംഗീകൃത ലൈസൻസി ആയതുകൊണ്ട് സർക്കാർ ഫാമുകളിലേക്കും സർക്കാർ പദ്ധതികൾക്കുമുള്ള വിത്ത് വിതരണം നടത്താനാവുന്നുണ്ട്.

നിലവിൽ കേരളത്തിൽ സ്ഥാപന അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മഞ്ഞൾ കൃഷി ചെയ്യുന്നത് ഈ കൺസോർഷ്യമാണ്.

നേട്ടങ്ങൾ

2017ൽ 52 കർഷകരിലായി 26 ഏക്കറിലാണ് സംരംഭം തുടങ്ങിയതെങ്കിലും 2020 ആകുമ്പോഴേക്കും 127 കർഷകരിലായി 153 ഏക്കറിലേക്ക് കൃഷി വ്യാപിപ്പിക്കാനാവുകയും 2021ൽ 157 കർഷകർക്ക് കൃഷി ചെയ്യുവാനായി കൊടുത്ത 26290 കിലോ വിത്ത് മഞ്ഞൾ ഇതുവരെ 150 ടൺ മഞ്ഞൾ തിരിച്ചു വന്നിട്ടുണ്ട്. അതോടൊപ്പം മറ്റു ജില്ലകളിലേക്കും വിത്ത് വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. അതുപോലെ പ്രതിവർഷം 800 പ്രത്യക്ഷ തൊഴിൽ ദിനങ്ങൾ കൺസോർഷ്യത്തിന്റെ കീഴിൽ സൃഷ്ടിക്കാനും ഒരേക്കർ കൃഷിചെയ്യുമ്പോൾ അസംഘടിത മേഖലയിലെ 60 തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാൻ കഴിയുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിൽ പെടുത്തി കർഷകർക്ക് ആനുകൂല്യങ്ങളും സഹായങ്ങളും ലഭ്യമാകുന്നുണ്ട്.

മഞ്ഞൾ കൂടാതെ മറ്റു വിളകളായ കുരുമുളക്, ഇഞ്ചി മുതലായ കൃഷികളിലേക്ക് നീങ്ങാനും കൺസോർഷ്യം ഉദ്ദേശിക്കുന്നുണ്ട്.

കേരള ബാങ്ക് സംസ്ഥാനതല ഷൂട്ട്ഔട്ട് മത്സരം

കാസർകോഡും തിരുവനന്തപുരവും ചാമ്പ്യൻമാർ

ലോകകപ്പ് ഫുട്ബോളിനോടനുബന്ധിച്ച് ജീവനക്കാർക്കായി സംഘടിപ്പിച്ച സംസ്ഥാനതല ഷൂട്ട്ഔട്ട് മത്സരത്തിൽ വിജയികൾക്ക് കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കൽ ട്രോഫി വിതരണം ചെയ്യുന്നു.

ലോകകപ്പ് ഫുട്ബോളിനോടനുബന്ധിച്ച് ജീവനക്കാർക്കായി കേരള ബാങ്ക് സംഘടിപ്പിച്ച സംസ്ഥാനതല ഷൂട്ട്ഔട്ട് മത്സരത്തിൽ പുരുഷ വിഭാഗത്തിൽ കാസർകോഡ് ജില്ലാ ടീം വനിത വിഭാഗത്തിൽ തിരുവനന്തപുരം ഹെഡ്ഓഫീസ് ടീം എന്നിവർ ചാമ്പ്യൻമാരായി. പുരുഷവിഭാഗത്തിൽ നിന്നും കോട്ടയം ജില്ലാ ടീമും വനിത വിഭാഗത്തിൽ നിന്നും കോഴിക്കോട് ജില്ലാ ടീമും റണ്ണർഅപ്പായി. കാക്കനാട് ഫുട്ബോൾ ടർഫിൽ നടന്ന മത്സരത്തിൽ വിജയികൾക്ക് കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കൽ ട്രോഫികൾ വിതരണം ചെയ്തു. ബാങ്ക് ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം അഡ്വ. മാണി വിയതത്തിൽ, ചീഫ് ജനറൽ മാനേജർ കെ.സി സഹദേവൻ, റീജിയണൽ ജനറൽ മാനേജർ ജോളി ജോൺ, ജനറൽ മാനേജർ ഡോ. എൻ.അനിൽകുമാർ, ഡെപ്യൂട്ടി ജനറൽ മാനേജർ ഷാജു.പി.ജോർജ്ജ് എന്നിവർ പങ്കെടുത്തു.വിവിധ ജില്ലകളിൽ നിന്നും ഹെഡ്ഓഫീസിൽ നിന്നുമായി പുരുഷ-വനിത വിഭാഗങ്ങളിലായി 28 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.

HAPPY
NEW YEAR

2023

വേൾഡ്
കോ–ഓപ്പറേറ്റീവ്
മോണിറ്റർ പ്രകാരം

ഏഷ്യയിൽ
ഒന്നാമത്തെ ബാങ്ക്
ലോകത്ത്
ഏഴാം സ്ഥാനം

KERALA
BANK
Kerala State Co-operative Bank

Special Refinance facility for transforming PACS as MSC through StCBs

NABARD, as part of its continued efforts to rejuvenate the PACS had introduced a special long-term refinance facility through State Cooperative Banks @3% interest rate per annum for creation of quality infrastructure and increase business portfolio of PACS in tune with the needs of the members. The refinance is for a maximum period of 7 years for covering agro storage centres, setting up of cold storages, agro service centres, agro processing centres, agro information centres, agri-transportation and marketing facilities, consumer store & miscellaneous activities, any other post-harvest management infrastructure meeting the value chain requirement of commodities grown in the catchment area.

In Kerala, refinance assistance to the tune of Rs.167.89 crore has been sanctioned to Kerala StCB for financing to PACS under this scheme to 70 projects located in different districts. An amount of Rs.40.47 crore was disbursed against claims pertaining to 18 projects.

A diverse range of projects are being implemented by the PACS which includes infrastructure for supply chain management of vegetables & fruits, Coconut processing unit, Agri Business Park, cold storage, warehouse, agro-processing centre, Rice Mill and Post Harvesting Centre, Multipurpose infrastructure complex, Fertilizer and seedling distribution centre, etc. The projects with activities eligible under Agriculture Infrastructure Fund (AIF) scheme will also get benefitted by the 3% interest subvention up to Rs.2 crore, and the effective rate of interest will be 1% when converged with AIF Scheme.

NABARD

Development Bank of the Nation

www.nabard.org /nabardonline

Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.P.O, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905